**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

07.02.2019-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.207

## നികുതിയേതര വരുമാന മാർഗ്ഗങ്ങൾ

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, അനൂപ് ജേക്കബ്<br>,, വി.ടി.ബൽറാം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പരസ്യത്തിനായി കോടികൾ ചെലവഴിച്ചിട്ടും പ്രവാസി ചിട്ടി വൻ പരാജയമാകാനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ; | (എ) | 2018 നവംബർ 23-ന് ആരംഭിച്ച പ്രവാസിചിട്ടിപോലെ അതിവിപുലമായ ഒരു പദ്ധതി സംബന്ധിച്ച് ഇപ്പോൾ നിഗമനങ്ങളിൽ എത്തിച്ചേരുന്നത് യുക്തമായിരിക്കുകയില്ല മറിച്ച് നിക്ഷേപം തുടങ്ങിയ 2018 നവംബർ മാസം 22 മുതൽ 2019 ജനുവരി വരെയുള്ള ചുരുങ്ങിയ കാലയളവിൽ തന്നെ പ്രവാസി ചിട്ടി വഴി കെ.എസ്.എഫ്.ഇ സ്വരൂപിച്ച തുകയിൽ നിന്ന് 4,13,60,000/- രൂപ കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുവാൻ സാധിച്ചു എന്നത് വളരെ പ്രതീക്ഷ നൽകുന്ന ഒന്നാണ്. മേൽ പറഞ്ഞ തുക ഇതുവരെ തുടങ്ങിയ ചിട്ടികളുടെ സെക്യൂരിറ്റി തുക മാത്രമാണ്. ഇത് കൂടാതെ ചിട്ടി ഡിപ്പോസിറ്റ്, ഫ്ലോട്ട് എന്നീ രീതിയിലും കെ.എസ്.എഫ്.ഇ യ്ക്ക് കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുവാൻ കഴിയും. ഈ വിധത്തിൽ നോക്കുമ്പോൾ ഏകദേശം 154 കോടി രൂപയുടെ ടേൺഓവർ ഉറപ്പാക്കാൻ ഈ ചുരുങ്ങിയ കാലയളവിൽ പ്രവാസി ചിട്ടിക്ക് കഴിഞ്ഞിട്ടുണ്ട് . ആദ്യ ഘട്ടമായി യു.എ.ഇ യിൽ മാത്രമാണ് പ്രവാസി ചിട്ടി ആരംഭിച്ചത്. പ്രവാസി ചിട്ടി മറ്റു രാജ്യങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതോടെ ഏകദേശം 10000 കോടി രൂപ ഇതുവഴി സമാഹരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു വിപുലമായ പദ്ധതിയുടെ തുടക്ക ചെലവുകൾ സംബന്ധിച്ച് ഇത്തരം വിലയിരുത്തലുകൾ അയുക്തികമാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രവാസി ചിട്ടി പോലുള്ള നികുതി യേതര വരുമാന മാർഗ്ഗങ്ങൾ പരീക്ഷിക്കുന്നതിന് മുൻപായി പഠനങ്ങൾ നടത്തിയിരുന്നോ; | (ബി) & (സി) | വിശദമായ വിശകലനങ്ങൾക്ക് ശേഷമാണ് കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി പദ്ധതി ആരംഭിച്ചത്. വളരെ സങ്കീർണ്ണമായ ചിട്ടിയുടെ നടപടി ക്രമങ്ങൾ ഒരു ഓൺലൈൻ സംവിധാന ത്തിലേക്ക് കൊണ്ടുവരുക എന്നുള്ളത് വളരെ ശ്രമകരമായിരുന്നു. ഇതിന്റെ ഭാഗമായി ചിറ്റ് ആക്ടിലെയും ഐ.റ്റി ആക്ടിലെയും നിയമങ്ങൾക്ക് വിധേയമായാണ് പ്രവാസി ചിട്ടി രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഇതിനാവശ്യമായ വിപണി സാധ്യതാ പഠനം സോഫ്റ്റ് വെയർ ലോഞ്ച് ചെയ്യുന്നതിന് മുന്നേ തന്നെ നടത്തിയിരുന്നു. ഏത് ജീവിത സാഹചര്യത്തിൽ കഴിയുന്ന പ്രവാസിയ്ക്കും തന്റെ വേതനത്തിനനുസരിച്ച് ചിട്ടിയിൽ വരിക്കാരനാകുവാൻ സാധിക്കണം എന്ന ദീർഘവീക്ഷണത്തോടെയാണ് പ്രവാസി ചിട്ടി വികസിപ്പിച്ചെടുത്തത്. ഇങ്ങനെ പ്രവാസികൾക്ക് വിശ്വസ്തമായ ഒരു നിക്ഷേപോപാധി ഒരുക്കിക്കൊടു ക്കുന്നതിലൂടെ ജനിച്ച നാടിന്റെ വികസനത്തിൽ അവരെ ഒരു ഭാഗഭാക്കാക്കാനും സാധിച്ചു എന്നുള്ളത് പ്രവാസി ചിട്ടിയെ വേറിട്ട് നിർത്തുന്നു. കെ.എസ്. എഫ്.ഇ പ്രവാസി ചിട്ടി പദ്ധതിയുടെ മാർക്കറ്റിങിനും സോഫ്റ്റ് വെയർ ഡെവലപ്മെന്റി നുമായി ചെലവഴിച്ച തുകയാണ് ഈ പദ്ധതിയെ സംബന്ധിച്ച് കിഫ്ബിയ്ക്ക് ഉണ്ടായിട്ടുള്ള ചെലവുകൾ. ഇവയെല്ലാം തന്നെ അതാത് വിഷയം സംബന്ധിച്ച ടെക്നിക്കൽ കമ്മിറ്റികൾ നിർദ്ദേശിച്ചതും കെ.എസ്.എഫ്. യുടെയും കിഫ്ബി യുടെയും ബോർഡുകൾ അംഗീകരിച്ചതുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പി നായി കോടികൾ ചെലവഴിച്ചത് ഇത്തരം പഠനങ്ങളുടെ അടി സ്ഥാനത്തിലാണോ; വിശദാംശ ങ്ങൾ നൽകാമോ; | | |
| (ഡി) | സംസ്ഥാനത്ത് പുതുതായി ഏതെ ങ്കിലും നികുതിയേതര വരുമാന മാർഗ്ഗങ്ങൾ പരീക്ഷിക്കാൻ ആലോചിച്ചിട്ടുണ്ടോ; വിശദാംശ ങ്ങൾ നൽകാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

[signature]

സെക്ഷൻ ഓഫീസർ